വിൻഡോ പരസ്യം

ആർ3-128941/25 തീയതി: 15.07.2026

## പൊന്നാനി നഗരസഭ

### ലേലം / ക്വട്ടേഷൻ / ടെണ്ടർ / ഓഫർ നോട്ടീസ്

പൊന്നാനി നഗരസഭയുടെ കൈവശത്തിലിരിക്കുന്ന സ്ക്രാപ്പുകളുടെ ലേലം 29/07/2026-ന് രാവിലെ 11 മണിക്ക്.

വണ്ടിപ്പേട്ട ഫീസ് പിരിവ്, മത്സ്യമാർക്കറ്റ് ഫീസ് പിരിവ് 2026-27 വർഷ ത്തേക്ക് ഏറ്റെടുത്ത് നടത്തുന്നതിന് ഓഫർ ക്ഷണിക്കുന്നു. ഓഫർ സ്വീകരി ക്കുന്ന അവസാനിക്കുന്ന അവസാന തീയതി. 29/07/2026 ഉച്ചക്ക് 12 മണി വരെ. കൂടുതൽ വിവരങ്ങൾ www.tender.lsgd.kerala.gov.in എന്ന വെബ്സൈറ്റിലും പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

സെക്രട്ടറി,
പൊന്നാനി നഗരസഭ.

# പൊന്നാനി നഗരസഭ

പിൻ: 679586 - മലപ്പുറം ജില്ല

Phone : Office – 0494-2666336 (Office), Secretary – 2666012 Chairman 2666236

GST - 32AAALP2520N1Z5 TAN – CHNP00220D

E-mail – ponnanisecy@gmail.com


---

ആർ3-128941-25 തീയതി: 16.07.2026

## ഓഫറുകൾ ക്ഷണിക്കുന്നു

പൊന്നാനി നഗരസഭയുടെ അധീനതയിലുള്ള വണ്ടിപ്പേട്ട ഫീസ് പിരിവ്, മത്സ്യമാർക്കറ്റ് എന്നിവയുടെ 2026-27 വർഷത്തിലേക്കുള്ള കുത്തകാവകാശം ഏറ്റെടുക്കുന്നതിന് താൽപര്യമുള്ളവരിൽ നിന്നും ഓഫറുകൾ ക്ഷണിക്കുന്നു.

ഓഫറുകൾ സ്വീകരിക്കുന്ന അവസാന തീയതി: 29.07.2026 ഉച്ചക്ക് 12 മണി വരെ

29.07.2026-ന് ഉച്ചക്ക് 3 മണിക്ക് ഓഫറുകൾ തുറന്ന് പരിശോധിക്കുന്നതാണ്.

മത്സ്യമാർക്കറ്റ് അടിസ്ഥാന ലേല തുക - 30,000/-

വണ്ടിപ്പേട്ട ഫീസ് പിരിവ് അടിസ്ഥാന ലേല തുക 34,000/-

ഓഫർ സ്വീകരിക്കുന്നയാൾ മുഴുവൻ തുകയും അന്നേ ദിവസം നഗരസഭാ അക്കൗണ്ടിൽ അടവാക്കി രസീതി ഹാജരാക്കേണ്ടതാണ്. ഓഫർ സംബന്ധിച്ച വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ നഗരസഭാ റവന്യൂ സെക്ഷനിൽ നിന്നും അറിയാവുന്നതാണ്.

MUNICIPAL COUNCIL P.O. PONNANI SOUTH PIN: 679586

സെക്രട്ടറി,

പൊന്നാനി നഗരസഭ.

പകർപ്പ്:
1. വില്ലേജ് ഓഫീസ്, പൊന്നാനി
2. വില്ലേജ് ഓഫീസ്, ഈഴുവത്തിരുത്തി
3. താലൂക്ക് ഓഫീസ്
4. ബഹു. ചെയർമാന്റെ മേശപ്പുറത്ത്
5. റവന്യൂ ഇൻസ്പെക്ടർ

"ഭരണഭാഷ - മാതൃഭാഷ"


# പൊന്നാനി നഗരസഭ

പിൻ: 679586 - മലപ്പുറം ജില്ല

Phone : Office – 0494-2666336 (Office), Secretary – 2666012 Chairman 2666236

GST - 32AAALP2520N1Z5 TAN – CHNP00220D

E-mail – ponnanisecy@gmail.com


---

ആർ2-128941-25 — തീയതി: 15.07.2027

## ലേലം/ക്വട്ടേഷൻ/ടെണ്ടർ പരസ്യം

പൊന്നാനി നഗരസഭയുടെ ഉടമസ്ഥതയിലും കൈവശത്തിലിരിക്കുന്നതുമായ സ്ക്രാപ്പുകൾ ലേലം/ ടെണ്ടർ /ക്വട്ടേഷൻ ക്ഷണിക്കുന്നു. 29.07.2026 ന് രാവിലെ 11-ന് നഗരസഭാ ഓഫീസിൽ വെച്ച് ലേലനിബന്ധനകൾക്കും നിലവിലുള്ള അവസ്ഥയിലും വ്യവസ്ഥയിലും ചട്ടങ്ങൾക്കും വിധേയമായി പരസ്യമായി ലേലം ചെയ്ത് നൽകുന്നതാണ്. ടെണ്ടർ/ക്വട്ടേഷൻ നൽകാൻ ആഗ്രഹിക്കുന്നവർ 29/07/2026 ന് രാവിലെ 11 മണിക്ക് മുമ്പായി നിർദ്ദിഷ്ട നിരതദ്രവ്യം മുനിസിപ്പൽ ട്രഷറിയിൽ അടച്ചതിന്റെ അസ്സൽ രസീതോ, നഗരസഭാ സെക്രട്ടറിയുടെ പേരിൽ മാറാവുന്ന ഡി.ഡിയോ സഹിതം സീൽ ചെയ്ത കവറിൽ ക്വട്ടേഷൻ രേഖപ്പെടുത്തി മുനിസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിശ്ചിത തുകക്കുള്ള നിരതദ്രവ്യം നഗരസഭാ ഫണ്ടിൽ ഒടുക്കുവരിത്തി രസീതി ഹാജരാക്കേണ്ടതാണ്. ക്വട്ടേഷൻ/ലേലം പങ്കെടുക്കുന്നവർ തിരിച്ചറിയൽ രേഖകൾ ഹാജരാക്കേണ്ടതാണ്. 50,000/- രൂപവരെയുള്ള തുകക്ക് ലേലം കൊള്ളുന്നവർ ലേല തുക മുഴുവനായും (നികുതികൾ ഉൾപ്പെടെ) അന്നുതന്നെ കെട്ടി വയ്ക്കേണ്ടതാണ്. 50,000/- രൂപയ്ക്ക് മുകളിൽ ലേലം/ക്വട്ടേഷൻ കൊണ്ടവ്യക്തി ലേല/ക്വട്ടേഷൻ തുകയുടെ മൂന്നിൽ ഒരു ഭാഗം അന്നുതന്നെ കെട്ടിവെയ്ക്കേണ്ടതും ശേഷിക്കുന്ന തുകക്കുള്ള സോൾവെൻസി സർട്ടിഫിക്കറ്റ്/ ബാങ്ക് ഗ്യാരണ്ടി ഒരാഴ്ചക്കുള്ളിൽ തന്നെ ഹാജരാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം മുഴുവൻ തുകയും ഒറ്റത്തവണയായി നികുതികൾ സഹിതം അടക്കേണ്ടതാണ്.

| ക്രമ നം. | ഇനം | തുക | ആകെ തുക | നിരതദ്രവ്യം |
|---|---|---|---|---|
| 1 | സ്റ്റീൽ ( 800 കിലോ ഗ്രാം) | 27,200/- | 28,950/ | 1,500/- |
| 2 | വുഡ് ( 30 കിലോ ഗ്രാം) | 750/- | | |
| 3 | 2000 ലിറ്റർ (Over Head Tank) | 1000/ | | |

കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ റവന്യൂ വിഭാഗത്തിൽ നിന്നോ www.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നോ അറിയാവുന്നതാണ്. പൊതു ലേല ദിവസം അവധി ദിവസമാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസത്തിൽ മേൽ പറഞ്ഞ സ്ഥലത്ത് പൊതു ലേലം നടത്തുന്നതാണ്. നഗരസഭാ സെക്രട്ടറിക്കും, ലേലം നടത്തുന്ന ഉദ്യോഗസ്ഥനോ ആവശ്യമാണെന്ന് കണ്ടാൽ യാതൊരു കാരണവും പറയാതെ ലേലം നിർത്തി വെക്കുന്നതിനോ, അവസാനിപ്പിക്കാതെ മറ്റ് അവസരത്തിലേക്ക് നീട്ടി വെക്കുന്നതിനോ അധികാരമുണ്ടായിരിക്കുന്നതാണ്. പൊതു ലേലം/ക്വട്ടേഷൻ നീട്ടിവക്കുന്ന പക്ഷം അതുവരെ വിളിച്ചിട്ടുണ്ടെങ്കിൽ ഏറ്റവും കൂടിയ തുകക്ക് പുനർ ലേലം വിളി നിലനിർത്തുന്നതും തുടർന്നുള്ള ലേല സംഖ്യയിൽ നിന്ന് ആരംഭിക്കുന്നതുമാണ്. ഈ കാര്യത്തിൽ ഏറ്റവും അധികരിച്ചതും അതിന് തൊട്ടുതാഴെപ്പറയുന്നതുമായ സംഖ്യക്ക് വിളിച്ചവരുടെ നിരതദ്രവ്യം മടക്കി കൊടുക്കുന്നതല്ല. പുനർ ലേലം/ക്വട്ടേഷൻ ഇനത്തിൽ അടവാക്കുന്ന തുകയുടെ നിയമാനുസൃത ജി.എസ്.ടി, ഇൻകംടാക്സ് വിഹിതം നഗരസഭയിൽ ഒടുക്കുവരുത്തേണ്ടതാണ്. ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനോ മാറ്റിവക്കുന്നതിനോ, റദ്ദാക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം നഗരസഭാ കൗൺസിലിൽ നിക്ഷിപ്തമായിരിക്കും. ലേല നടപടി കൗൺസിൽ സാധൂകരണത്തിന് വിധേയമായിരിക്കും.

സെക്രട്ടറി,
പൊന്നാനി നഗരസഭ.

പകർപ്പ്:

1) നോട്ടീസ് ബോർഡ് / പത്ര പരസ്യത്തിന് /വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2) വില്ലേജ് ഓഫീസ് പൊന്നാനി
3) വില്ലേജ് ഓഫീസ് ഈഴുവത്തിരുത്തി
4) താലൂക്ക് ഓഫീസ് പൊന്നാനി
5) സൂപ്രണ്ട്, താലൂക്ക് ആശുപത്രി,
6) PWD ഓഫീസ് പൊന്നാനി.
7) ബഹു. ചെയർമാന്റെ മേശപ്പുറത്ത്
8) വൈസ് ചെയർമാന്റെ മേശപ്പുറത്ത്
9) റവന്യൂ ഇൻസ്പെക്ടർ

MUNICIPAL COUNCIL P.O. PONNANI PIN: 679 58